പതിനഞ്ചാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 152 — 30.09.2025 ൽ മറുപടിയ്ക്ക്

## ജയിൽമതിലുകളിലെ വൈദ്യുതവേലികൾ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജയിലുകളിൽ സുരക്ഷയുടെ ഭാഗമായി മതിലുകളുടെ മുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇവ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധന നടത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും<br><br>(ബി) യും<br><br>(സി) യും | തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ എന്നീ മൂന്ന് സെൻട്രൽ ജയിലുകളിലും, വിയ്യൂർ അതീവ സുരക്ഷാ ജയിലിലും, വിയ്യൂർ ജില്ലാ ജയിലിലെ വനിതാ ബ്ലോക്കിലും മതിലുകളുടെ മുകളിൽ വൈദ്യുത വേലി സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനുള്ള ചുമതല അതത് ജയിൽ സൂപ്രണ്ടുമാർക്കാണ്.<br><br>25-07-2025 ന് കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും ഒരു തടവുപുള്ളി മതിൽ ചാടിപ്പോയ സാഹചര്യമുണ്ടായി. മണിക്കൂറുകൾക്കകം ഇയാളെ ജനങ്ങളുടെ സഹായത്തോടെ പോലീസ് പിടികൂടുകയും ചെയ്തു.<br><br>സംഭവത്തിൽ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നം.899/2025 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും സംസ്ഥാന പോലീസ് മേധാവിയുടെ |
| (ബി) | വൈദ്യുതവേലി പ്രവർത്തിക്കാത്തതിനെ തുടർന്ന് ജയിൽപ്പുള്ളികൾ മതിൽ ചാടി രക്ഷപ്പെടുന്ന സാഹചര്യമുണ്ടോ; വിശദവിവരം നൽകാമോ; | | |
| (സി) | വൈദ്യുതവേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി നടപടി | | |

| | | | |
|---|---|---|---|
| | സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | 01-09-2025 ലെ ഉത്തരവ് പ്രകാരം സംസ്ഥാന ക്രൈം ബ്രാഞ്ചിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ-കാസറഗോഡ് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു.<br><br>ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി നടത്തിയ പ്രാഥമികാന്വേഷണത്തിൽ ജയിലിലെ വൈദ്യുതവേലി പ്രവർത്തനക്ഷമമല്ലാതിരുന്നത് സംഭവത്തിന് ഇടയാക്കിയ കാരണങ്ങളിലൊന്നായി വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ 4 ജയിൽ ജീവനക്കാരെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.<br><br>സംഭവത്തെക്കുറിച്ചും ഇതിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും വിശദമായി അന്വേഷിക്കുന്നതിന് ജസ്റ്റിസ് (റിട്ട) ശ്രീ. സി.എൻ.രാമചന്ദ്രൻ നായർ, മുൻ പോലീസ് മേധാവി ശ്രീ. ജേക്കബ് പുന്നൂസ് എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26-07-2025ന് ചേർന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗം തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | താഴെ പറയുന്ന കാര്യങ്ങളാണ് കമ്മിറ്റി പരിശോധിക്കുന്നത്.<br>(1) തടവുപുള്ളി രക്ഷപ്പെടാൻ ഇടയായ സാഹചര്യങ്ങൾ വിലയിരുത്തി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.<br>(2) സംസ്ഥാനത്തെ പ്രധാന ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ, മാനവ വിഭവശേഷി, ഉദ്യോഗസ്ഥ പരിശീലനം, നിലവിലുള്ള നടപടിക്രമം എന്നിവ സമഗ്രമായി വിലയിരുത്തി പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുക.<br>(3) ജയിലിനുള്ളിലെ സുരക്ഷയും ജാഗ്രതയും വർദ്ധിപ്പിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുക.<br>(4) അനുവദനീയമല്ലാത്തതും ആശാസ്യമല്ലാത്തതുമായ പ്രവൃത്തികൾ ജയിലിനുള്ളിൽ കർശനമായി തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.<br><br>സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ആധുനികവും പഴുതടച്ചുള്ളതുമായ സുരക്ഷാസംവിധാനം സംസ്ഥാനത്തെ ജയിലുകളിലുണ്ടെന്ന് ഉറപ്പാക്കും.<br><br>സെൻട്രൽ ജയിലുകളിൽ ഇലക്ട്രിക് ഫെൻസിംഗ് സംവിധാനമൊരുക്കുന്നതിനാവശ്യമായ |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് എത്രയും വേഗം ലഭ്യമാക്കി മൂന്ന് മാസത്തിനകം പൂർത്തിയാക്കുന്നതിന് പൊതു മരാമത്ത് വകുപ്പിനെ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പുറംമതിലുകളിൽ ലേസർ സെക്യൂരിറ്റി സിസ്റ്റം സ്ഥാപിക്കുന്നത് പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള സി.സി. ടി.വി സംവിധാനത്തിനു പുറമേ ലേസർ സംവിധാനമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ, ഫയർ അലാറം സിസ്റ്റം എന്നിവയും സ്ഥാപിക്കും.<br><br>അന്യസംസ്ഥാനങ്ങളിൽനിന്നുള്ള കൊടുംകുറ്റവാളികളായ തടവുകാരെ അവിടങ്ങളിലെ ജയിലുകളിലേയ്ക്ക് മാറ്റാനാകുമോ എന്നതും പരിശോധിക്കും.<br><br>ഇന്റലിജൻസ് സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. പ്രശ്നക്കാരും അതീവസുരക്ഷ ആവശ്യമുള്ളതുമായ തടവുകാരെ ആശുപത്രി, കോടതി എന്നിവിടങ്ങളിലേയ്ക്ക് കൊണ്ടു |

| | | | |
|---|---|---|---|
| | | | പോകുന്ന അവസരത്തിൽ പോലീസ് എസ്കോർട്ട് കൂടുതൽ ശക്തമാക്കാനും യോഗം തീരുമാനിച്ചു.<br><br>സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതൽ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. |